# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ, സർക്കാർ അതിഥി മന്ദിരത്തിന്
സമീപം, തൈക്കാട് പി.ഒ. തിരുവനന്തപുരം -695014
ടെലഫോൺ- 0471 2785500,502 ഫാക്സ് - 0471 2785501
KNRKWB
www.pravasikerala.org, E-mail: info@pravasikerala.org

---

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: ശ്രീമതി. ഗീതാലക്ഷ്മി എം. ബി )**

ഉത്തരവ് നമ്പർ: KNRKWB/63/2025-S6 , തീയതി: 29-01-2025

വിഷയം :- കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് – One & the Same Certificate- മാതൃക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

കേരള പ്രവാസി ക്ഷേമ നിധിയിൽ നിന്നും അംഗങ്ങൾ /പെൻഷൻ ആകുന്നവർ ഓൺലൈൻ ആയി സമർപ്പിക്കുന്ന പെൻഷൻ / മറ്റു അനുകൂല്യങ്ങൾക്കുള്ള അപേക്ഷയോടൊപ്പം, വയസ്സ് തെളിയിക്കുന്ന രേഖയായി പാസ്പോർട്ട് / ഡ്രൈവിംഗ് ലൈസെൻസ് / സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവയും, ആധാർ ലിങ്ക് ചെയ്യുന്നതിനായി ആധാർ രേഖ, പെൻഷൻ അനുവദിക്കുന്നതിനായി ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്, അവകാശി നൽകുന്ന സമ്മതപത്രം എന്നിവയും നൽകേണ്ടതായിട്ടുണ്ട്. എന്നാൽ അംഗങ്ങൾ ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പേരിലും, അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ഒറിജിനൽ രേഖകളുടെ പകർപ്പിലും പേര് വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ, ഈ പേരുകളിൽ എല്ലാം സൂചിപ്പിക്കുന്ന വ്യക്തി ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്നതിനായി വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം നൽകുന്നതിന് നിർദ്ദേശിക്കാറുണ്ട്.

ഇപ്രകാരം നിർദ്ദേശിക്കപ്പെടുന്ന സാഹചര്യങ്ങളിൽ വില്ലേജ് ഓഫീസർ നൽകുന്ന വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് ആണ് പൊതുവെ പരിഗണിക്കപ്പെട്ടു വരുന്നത്. എന്നാൽ 03/02/2023 തീയതിയിലെ ഉത്തരവ് നമ്പർ : G.O(MS) No.1/2023/PIE & MD പ്രകാരം കേരള സർക്കാരുമായി ബന്ധപ്പെട്ട ഓഫീസുകളിൽ വ്യക്തിയുടെ സത്യപ്രസ്താവന ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്നത് വൺ ആൻഡ് സർട്ടിഫിക്കറ്റിന് പകരമായി ഉപയോഗിക്കാവുന്നതാണ് എന്നതിനാൽ ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്ന ഉത്തരവുകളും സ്വീകരിക്കുന്നുണ്ട്. എങ്കിലും പല വിധത്തിലുള്ള ഫോർമാറ്റുകൾ /മാതൃകകൾ ആണ് ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി നൽകി വരുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിനാൽ ഇത്തരത്തിലുള്ള വ്യത്യസ്ത രീതികൾ ഏകീകരിക്കുന്നതിനായി ഒരു

നിശ്ചിത മാതൃകയിലുള്ള "വൺ ആൻഡ് സെയിം (ഒരേ വ്യക്തി ) എന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്ന സത്യപ്രസ്താവന" മാതൃക ( One and the Same certificate format ) തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനും തീരുമാനം കൈകൊണ്ടിട്ടുണ്ട്. ആയതു പ്രകാരം തയ്യാറാക്കിയ വൺ ആൻഡ് സെയിം (ഒരേ വ്യക്തി ) എന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്ന സത്യപ്രസ്താവന (മാതൃക) ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമുള്ള ആവശ്യങ്ങൾക്കായി ഈ ഫോർമാറ്റ് ഉപയോഗി ക്കാവുന്നതാണ് .

Signed by
Geetha Lekshmi M B
Date: 29-01-2025 17:26:29

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ്:

1. എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്
2. ഡയറക്ടർ ബോർഡ് അംഗങ്ങൾ
3. ഐ ടി മാനേജർ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
4. പബ്ലിക് റിലേഷൻ ഓഫീസർ , സോഷ്യൽ മീഡിയ പ്രചാരണത്തിന്
5. എല്ലാ ജീവനക്കാർക്കും
6. സി എ ടു ചെയർമാൻ / സി.ഇ.ഒ

**വൺ ആൻഡ് സെയിം (ഒരേ വ്യക്തി ) എന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്ന സത്യപ്രസ്താവന**
**(Ref:- G.O (P) No. 01/2021/PIE & MD)**

**സർ,**

........................................................................................ വീട്ടിൽ താമസിക്കുന്ന ........................................................ (മകൻ/മകൾ) .................................................. എന്ന വ്യക്തി ........................................................................... ആവശ്യത്തിനായി വൺ ആൻഡ് സെയിം (ഒരേ വ്യക്തി) എന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ ഗസറ്റഡ് ഉദ്യോഗസ്ഥൻ നിന്നും ആയത് സാക്ഷ്യപ്പെടുത്തി തരുവാൻ താഴെ പറയുന്ന വിവരങ്ങൾ സ്വയം സമർപ്പിക്കുന്നു.

1. ഞാൻ ഇന്ത്യൻ പൗരൻ ആണ്.
2. എന്റെ ചില രേഖകളിൽ എന്റെ പേര് ........................................................................ എന്നും എന്നാൽ മറ്റ് ചില രേഖകളിൽ എന്റെ പേര് താഴെ കൊടുത്തിരിക്കുന്ന പ്രകാരവുമാണെന്ന് ഇതിനാൽ ഞാൻ ബോധ്യപ്പെടുത്തുന്നു.
3. എന്റെ പേരുകൾ താഴെ പറയുന്ന രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് വിവിധ തരത്തിൽ ആണ്.

| | |
|---|---|
| രേഖ 1 | പേര് |
| രേഖ 2 | പേര് |
| രേഖ 3 | പേര് |
| രേഖ 4 | പേര് |
| രേഖ 5 | പേര് |

4. ഈ പേരുകളിൽ അറിയപ്പെടുന്ന വ്യക്തിയായ ഞാൻ ....................................................... ഒരേ ആൾ ആണ് എന്ന കാര്യം ഗസറ്റഡ് ഓഫീസർ മുമ്പ് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
5. എന്റെ നിലവിലെ മേൽവിലാസം............................................ ......................................ആണ്.
6. ഇത് സംബന്ധിച്ച് ഈ ഓഫീസ് നടത്തുന്ന അന്വേഷണത്തിനും ഞാൻ തയ്യാർ ആണ് എന്ന വിവരം ബോധിപ്പിക്കുന്നു.
7. തെറ്റായ സത്യ പ്രസ്താവന സമർപ്പിച്ച് വൺ ആൻഡ് സെയിം (ഒരേ വ്യക്തി ) സർട്ടിഫിക്കറ്റ്/**സത്യപ്രസ്താവന** മറ്റ് സാക്ഷ്യ പത്രങ്ങളോ നിയമ വിരുദ്ധമായി നേടിയെടുക്കുന്നത് നിയമ നടപടികളും ശിക്ഷയും ലഭിക്കുന്ന കുറ്റമാണ് എന്ന് എനിക്ക് ബോധ്യമായ കാര്യം ആണ് എന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**എന്ന് അപേക്ഷകൻ /അപേക്ഷക**

**പേര് :**
**ഒപ്പ് :**

തീയതി :

സ്ഥലം :

**മുകളിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണ് എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.**

**ഗസറ്റഡ് ഓഫീസർ**

ഓഫീസ് സീൽ

പേര് :

ഒപ്പ് :

സീൽ